ഉത്തരം

(എ) ഒഴിവുള്ള 4 തസ്തികകളിലേയ്ക്ക് നിയമന ഉത്തരവ് നൽകിയെങ്കിലും ഒരാൾ മാത്രമേ ജോലിക്കു ഹാജരായുള്ളു. ഈ മൂന്ന് ഒഴിവുകളിലേയ്ക്ക് വീണ്ടും പി.എസ്.സി. നിർദ്ദേശപ്രകാരം നിയമന ഉത്തരവ് അയച്ചുവെങ്കിലും നാളിതുവരെ ആരും ഹാജരായില്ല. കൂടാതെ ജോലിയിൽ പ്രവേശിച്ച വ്യക്തിയും പുതിയ ജോലി കിട്ടിയതിനാൽ കോർപ്പറേഷനിലെ ജോലി ഉപേക്ഷിച്ച് പോകുകയും ചെയ്തു. നിയമന ഉത്തരവിന്റെ സമയ പരിധി കഴിയുമ്പോൾ ഒഴിവുകൾ വീണ്ടും പി.എസ്. സി.-യെ അറിയിക്കുന്നതാണ്.

(ബി) നാല്.

(സി) ഇല്ല. എന്നാൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ഈ തസ്തികകളിൽ ജീവനക്കാർ ജോലി നോക്കുന്നുണ്ട്.

വനിതാ വികസന കോർപ്പറേഷനിൽ വായ്പ കുടിശ്ശിക തിരിച്ചുപിടിക്കാൻ നടപടി

13 [1311] ഡോ. തോമസ് ഐസക്ക്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ സ്വയം തൊഴിൽ കണ്ടത്തുന്നതിന് വായ്പ എടുത്ത പിന്നോക്ക വിഭാഗത്തിൽപ്പെട്ട സ്ത്രീകളിൽ നിന്നും വായ്പ കുടിശ്ശിക തിരിച്ചുപിടിക്കുന്നതിന് കോർപ്പറേഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇവരുടെ പേരിൽ കോർപ്പറേഷൻ കോടതിയിൽ കേസ്സ് കൊടുത്തിട്ടുണ്ടോ;

(സി) എങ്കിൽ കേസ് കൊടുക്കുവാൻ ഉണ്ടായ കാരണമെന്തെന്ന് വെളിപ്പെടുത്തുമോ;

(ഡി) അമ്പത് രൂപ മുദ്ര പത്രത്തിൽ ബോണ്ടും ബ്ലാങ്ക് ചെക്കുലീഫുകളും നൽകി വായ്പയെടുത്ത സ്ത്രീകളുടെ പേരിൽ ക്രിമിനൽ കേസ് ചാർജുചെയ്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇവരുടെ പേരിൽ റവന്യൂ റിക്കവറി നടപടി എടുക്കാതെ ക്രിമിനൽ കേസ്സ് ചാർജ്ജ് ചെയ്തത് സർക്കാരിന്റെ അറിവോടെയാണോ എന്ന് വ്യക്തമാക്കുമോ;

(എഫ്) ഇതു സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ജി) നിവേദനത്തിന്റെ അടിസ്ഥാനത്തിൽ വായ്പ തിരിച്ചടയ്ക്കാത്ത സ്ത്രീകളുടെ പേരിലുള്ള ക്രിമിനൽ കേസ്സുകൾ പിൻവലിക്കാനും വായ്പ തിരിച്ചു പിടിക്കാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാനും സർക്കാർ കോർപ്പറേഷന് നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വനിതാവികസന കോർപ്പറേഷനിൽ നിന്നും സ്വയം തൊഴിൽ വായ്പ എടുത്ത് ദീർഘനാളായി കുടിശ്ശിക വരുത്തിയ ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കുന്നതിനായി നോട്ടീസ് മുഖേനയും നേരിട്ടും നിരവധി തവണ അറിയിപ്പ് നൽകിയിട്ടും തുക ഒടുക്കുവാൻ സന്നദ്ധമാകാതിരുന്ന കുടിശ്ശികക്കാർക്കെതിരെ എസ്.ആർ.ഒ. 356/98 തീയതി 30-4-1998 നം. നോട്ടിഫിക്കേഷൻ പ്രകാരം റവന്യൂ റിക്കവറി നടപടികളും സെക്ഷൻ 138 എൻ.ഐ. ആക്ട് പ്രകാരം ചെക്ക് കേസുകളും ഉദ്യോഗസ്ഥ ജാമ്യം നൽകിയിരിക്കുന്ന കുടിശ്ശികക്കാരിൽ നിന്നും ശമ്പള റിക്കവറികളും ചെയ്തു വരുന്നു.

(ബി) ഉണ്ട്.

(സി) വനിതാവികസന കോർപ്പറേഷനിൽ നിന്നും 1995 മുതൽ 1997 വരെയുള്ള കാലഘട്ടത്തിൽ സ്വയം തൊഴിൽ വായ്പ നൽകിയിരുന്നത് 50 രൂപ മുദ്ര പത്രത്തിലുള്ള ബോണ്ടും ഗഡു തുക എഴുതി, തീയതി വച്ച ചെക്കിന്റേയും ജാമ്യത്തിലായിരുന്നു. ചില ഗുണഭോക്താക്കളുടെ ചെക്കുകൾ കളക്ഷന് അയച്ച വേളയിൽ വായ്പാക്കാരുടെ അക്കൗണ്ടിൽ മതിയായ പണമില്ലാത്തതിനാൽ ചെക്ക് തിരികെ വരികയുണ്ടായി. ഇക്കാര്യം അറിയിച്ചുകൊണ്ട് വായ്പാ കുടിശ്ശികക്കാർക്ക് വക്കീൽ നോട്ടീസ് നൽകുകയും അപ്രകാരമുള്ള വക്കീൽ നോട്ടീസുകൾക്ക് യാതൊരു പ്രതികരണവും കിട്ടാത്തതിനാൽ ചെക്ക് തുക ഈടാക്കാൻ മറ്റ് മാർഗ്ഗങ്ങൾ ഇല്ലാത്തതിനാലും സെക്ഷൻ 138 എൻ.ഐ. ആക്ട് പ്രകാരം കേസ് എടുക്കുകയും ചെയ്തിട്ടുള്ളതാകുന്നു. തുക ഒടുക്കിയ ഗുണഭോക്താക്കളെ കേസിൽ നിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള കരാർ പ്രകാരം വായ്പ നൽകുമ്പോൾ വസ്തു ജാമ്യവും ഉദ്യോഗസ്ഥാജാമ്യവുമാണ് സ്വീകരിക്കുന്നത്. ആയതിനാൽ ഇപ്പോൾ കുടിശ്ശികക്കാർക്കെതിരെ കോടതി കേസുകൾ ഒന്നും ചാർജ് ചെയ്യുന്നില്ല.

(ഡി ആന്റ് ഇ) വായ്പാക്കാരുടെ വായ്പാ ഗഡു തുകയ്ക്കുള്ള ചെക്കുകൾ ബാങ്കുകാർ മടക്കിയതിനാൽ വക്കീൽ നോട്ടീസ് അയച്ചിട്ടും പ്രതികരിക്കാത്തതിനാലും ഇത്തരത്തിൽ റിക്കവറി നടപടി സ്വീകരിക്കുന്ന വേളയിൽ സർക്കാരിന്റെ അനിവ് നേടിയതിനുശേഷം കേസ് ചാർജ് ചെയ്യുന്നത് കാലവിളംബം നേരിടുമെന്നതിനാലും അപ്രകാരം ചെയ്തിട്ടില്ല.

(എഫ്) ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ബാധകമല്ല.

അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം

14 [1312] ശ്രീ. കെ. കെ. ഷാജു:
,, ഉമേഷ് ചള്ളിയിൽ:
,, എ. എൻ. രാജൻബാബു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം അപര്യാപ്തമാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly